# ‘തോമാശ്ലീഹായുടെ നടപടികൾ’ പുരാതനലിഖിതരേഖ പഠനവിധേയമാക്കണം

കൊച്ചി: ‘തോമാശ്ലീഹായുടെ നടപടികൾ’ എന്ന പുരാതനഗ്രന്ഥം ഭാരതത്തിലെ ആദിമക്രൈസ്തവരുടെ ജീവിതത്തിലേയ്ക്ക് വെളിച്ചം വീശുന്ന ഏറ്റവും പുരാതനമായ ലിഖിതരേഖ എന്ന നിലയിൽ ഗൗരവമായ പഠനവിധേയമാക്കേണ്ടതാണെന്ന് എൽആർസി ചെയർമാൻ ബിഷപ് മാർ പോളി കണ്ണൂക്കാടൻ പ്രസ്താവിച്ചു. സീറോ-മലബാർ സഭയുടെ ഗവേഷണപഠനവിഭാഗമായ ലിറ്റർജിക്കൽ റിസർച്ച് സെന്റർ സംഘടിപ്പിച്ച 56-ാമത് ത്രിദിന സെമിനാർ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഏ. ഡി. രണ്ടാം നൂറ്റാണ്ടിൽ സിറിയയിൽ രൂപീകൃതമായ ഈ പുരാതനഗ്രന്ഥം അപ്പസ്തോലനായ തോമാശ്ലീഹായുടെ ഭാരതത്തിലെ പ്രവർത്തനങ്ങളിലേക്ക് വെളിച്ചം വീശുന്നതാണ്. ഒരു ചരിത്രഗ്രന്ഥത്തിന്റെ ആധികാരികത അവകാശപ്പെടാൻ ഇതിനു കഴിയുകയില്ല എന്നതുകൊണ്ടുമാത്രം ഭാരതത്തിലെ ക്രൈസ്തവരെ സംബന്ധിക്കുന്ന ഏറ്റവും പുരാതനമായ ലിഖിതരേഖ എന്ന നിലയിലുള്ള ഇതിന്റെ പ്രാധാന്യത്തിന് മങ്ങലേല്ക്കുന്നില്ല.

ഭാരതക്രൈസ്തവസംസ്കാരത്തിന്റെ ആദിമവിശുദ്ധിയും ആദ്ധ്യാത്മികതയും തൊട്ടറിയാൻ ഇന്നത്തെ തലമുറയെ സഹായിക്കുന്നതാണ് ഈ ഗ്രന്ഥം. വിശുദ്ധിയിലേക്കുള്ള ആഹ്വാനം എന്നത് ഈ ഗ്രന്ഥത്തിന്റെ കാതലായി വർത്തിക്കുന്നു എന്നും അദേഹം പ്രസ്താവിച്ചു. പൗരാണിക ഇന്ത്യയും മദ്ധ്യപൂർവ്വ ഏഷ്യൻ സംസ്കാരങ്ങളും തമ്മിലുള്ള കൊടുക്കൽവാങ്ങലുകളുടെ ചരിത്രത്തിലേയ്ക്കു സൂചനകൾ നല്കുന്ന ഗ്രന്ഥം എന്ന നിലയിൽ മാർതോമ്മാക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഏറെ പ്രാധാന്യമർഹിക്കുന്നതാണ് ഈ ഗ്രന്ഥം.

തോമാശ്ലീഹായുടെ നടപടികൾ ഭാരത സുവിശേഷവത്കരണത്തെക്കുറിച്ചുള്ള ഏറ്റവും പുരാതനമായ ലിഖിതരേഖ എന്നതാണ് സെമിനാറിന്റെ വിഷയം. സെമിനാറിന്റെ ഉദ്ഘാടന സമ്മേളനത്തിൽ സീറോ-മലബാർ കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷനായിരുന്നു. എൽആർസി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴ, റവ. ഡോ. നോബിൾ മണ്ണാറത്ത്, ഡോ. ജെയിംസ് പുലിയുറുമ്പിൽ, റവ. ഡോ. ജെയിംസ് കുരികിലംകാട്ട്, ശ്രീ. ടോമി ജോസഫ് അറയ്ക്കൽ എന്നിവർ പ്രസംഗിച്ചു. മൂന്നു ദിവസം നീണ്ടുനില്ക്കുന്ന സെമിനാറിൽ 26 പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെടും. ഓരോ പ്രബന്ധാവതരണത്തിനുശേഷവും ചർച്ചകളും സംവാദങ്ങളും നടക്കുന്ന

താണെന്നും എൽആർസി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴ അറിയിച്ചു.

## Photo matter

സീറോ മലബാർ റിസർച്ച് സെന്ററിന്റെ നേതൃത്വത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ആരംഭിച്ച ഗവേഷണ സെമിനാർ ചെയർമാൻ ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ ഉദ്ഘാടനം ചെയ്യുന്നു. സീറോ-മലബാർ കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, റവ. ഡോ. ജെയിംസ് കുരികിലംകാട്ട്, റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ, റവ. ഡോ. പീറ്റർ കണ്ണമ്പുഴ, റവ. ഡോ. നോബിൾ മണ്ണാറത്ത് സി. ബ്ലെസിൻ ജോസ്, എന്നിവർ സമീപം.